# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ -844 10.02.2016 ൽ മറുപടിയ്ക്ക്

**ഒരു പഞ്ചായത്തിൽ ഒരു കുളം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അച്ചുതൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, സി.പി.മുഹമ്മദ്<br>,, തേറമ്പിൽ രാമകൃഷ്ണൻ : | ശ്രീ. പി. ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) "ഒരു പഞ്ചായത്തിൽ ഒരു കുളം" പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) ഒരു പ്രദേശത്തിന്റെ ജലലഭ്യതയും കൃഷിയും നിലനിർത്തുന്നതിൽ കുളങ്ങൾക്ക് വലിയ സ്ഥാനമാണുള്ളത്. ജലസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായിട്ടാണ് കുളങ്ങളുടെ പുനരുദ്ധാരണത്തിന് തുടക്കം കുറിച്ചത്. ഇതിലൂടെ കുളങ്ങൾക്ക് പൂർവ്വകാല പ്രൗഢി വീണ്ടെടുക്കുവാൻ സാധിക്കുകയും ജനങ്ങൾക്കും ജീവജാലങ്ങൾക്കും ഉപയോഗപ്രദമാകുന്ന തരത്തിൽ മാറ്റിയെടുക്കുവാൻ സാധിക്കുകയും ചെയ്യും. കൂടാതെ മഴക്കാലത്ത് ലഭ്യമാകുന്ന അധികജലം സംഭരിച്ച് ജലലഭ്യത കുറഞ്ഞ സമയങ്ങളിൽ കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും ലഭ്യമാക്കുക, ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക, ഭൂഗർഭജലവിതാനം നിലനിർത്തുക, പാരിസ്ഥിതിക ധർമ്മങ്ങൾക്കായുള്ള ജലം ലഭ്യമാക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ |

| | | |
|---|---|---|
| (സി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരി ച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി 354 കുളങ്ങൾ നവീകരിക്കുന്നതിനായി 72.75 കോടി രൂപയുടെ ഭരണാനുമതി നല്കി. അതിൽ 194 കുളങ്ങൾ പൂർത്തിയായി. ബാക്കിയുള്ളവയുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**